അനുഷ്ഠാന കലകൾക്ക് പ്രോത്സാഹനം

123 (3884) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ കലകളെയാണ് അനുഷ്ഠാന കലകളിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇപ്പോൾ നൽകുന്ന അനുഷ്ഠാന കലാകാര പെൻഷൻ എത്ര രൂപയെന്നും ആയത് 2005-2006 വർഷത്തിൽ എത്ര ആയിരുന്നുവെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് അനുഷ്ഠാന കലകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അനുഷ്ഠാന കലാകാരൻമാർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും പ്രത്യേക പെൻഷൻ പദ്ധതിയും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പലതരം വാദ്യകലകൾ ക്ലാസിക് കലകൾ, ചിത്രകല, നാടൻ കലാരൂപങ്ങൾ, ആദിവാസികലകൾ എന്നിവയെ അനുഷ്ഠാന കലകളിൽപ്പെടുത്തിയിട്ടുണ്ട്. മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുംമുഴൽ, നാഗസ്വരം, കുഴിത്താളം, ചേങ്ങല, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ് എന്നീ വാദ്യകലകളേയും പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ് നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം എന്നീ ക്ലാസിക് കലകളേയും ഭിത്തി ചിത്രങ്ങൾ, തെയ്യം, തിറ മുതലായ കലകളുടെ മുഖത്തെഴുത്ത്, അലങ്കാരങ്ങൾ എന്നീ ചിത്രകലകളേയും തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശിനാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപ്പാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതിപ്പാട്ട്, ദഫ്മുട്ട്, അറബനമുട്ട്, മുട്ടുംവിളിയും, മാർഗ്ഗംകളി എന്നിവയേയും ഗദ്ദിക, പുജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ, കംബക്കളി എന്നിവയേയുമാണ് അനുഷ്ഠാന കലകളിൽപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇപ്പോൾ പ്രതിമാസം 550 രൂപയാണ് അനുഷ്ഠാന കലാകാരൻമാർക്കുൾപ്പെടെയുള്ള കാലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പെൻഷനായി നൽകുന്നത്. 2005-2006-ൽ ഏപ്രിൽ 2005-വരെ പ്രതിമാസം 400 രൂപയും തുടർന്ന് പ്രതിമാസം 500 രൂപയുമായിരുന്നു. നിലവിൽ 1825 പേർക്ക് കലാകാര പെൻഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുഷ്ഠാന കലാകാരൻമാർ ഉൾപ്പെടെയുള്ളവർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്. ഇവർക്കായി പ്രത്യേക പെൻഷൻ പദ്ധതി പരിഗണനയിലില്ല. കലാകാരൻമാർക്കായി സമഗ്ര ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. രോഗബാധിതർക്ക് ചികിത്സാ ധനസഹായവും നൽകുന്നുണ്ട്.

പൈതൃക കേന്ദ്രങ്ങൾ

124 (3885) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പൈതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു വിശദമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് ഇത്തരം പൈതൃക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളായ കോട്ടകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ കോട്ടകളെ സ്മാരകമായി സംരക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇനി ഏതൊക്കെ ചരിത്ര സ്മാരകങ്ങളാണ് ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ സ്ഥലം വാടക നൽകിക്കൊണ്ട് ഓരോ ജില്ലയിലും ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഹെറിറ്റേജ് സെന്ററിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഇതിന്റെ നടത്തിപ്പിന്റെ ചുമതല താൽക്കാലികമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിനായി 10,95,000 രൂപ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് കൊടുത്തിട്ടുണ്ട്. കെട്ടിടത്തിന്റെ വാടക, ഫർണിഷിംഗ്, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി 10,86,600 രൂപ നൽകിയിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly